



**Week 20 (April 28_2024)**

1. What does the Eleventh profession of the creed speak about?

   The Resurrection of the dead.

2. What does the Twelfth profession of the creed speak about?

   Life everlasting.

3. Why do we profess the creed as 'WE' and not 'I'?

Because the church as a whole is professing the faith, and not an individual.

4. Why is it necessary for us to confess this faith?

It is essential for us to give witness to our confession of faith for our salvation, it is written: ". . . for with the heart man believes unto righteousness; and with the mouth confession is made unto salvation . . ." (Rom 10:10).

5. Why is it not only important to salvation to believe, but, also to confess "the One, Holy, Apostolic, and Orthodox Faith?"

To preserve our life and temporal possession and to fail to give witness to this Holy, Apostolic, Orthodox Faith, means that we have failed to recognize a true faith in God, the Savior, nor do we desire to enjoy the blessings of Eternal Life. (". . . whosoever shall deny Me before men, him shall I also deny before My Father who is in Heaven . . ." *Karozusa d'Matthai* 10:33)

6. Why do we confess belief in One *Alaha*?

The heathen have taken the created creature for god and gods, and therefore, they think that there are many gods.

7. How does the Holy Bible teach us about the unity of the One *Alaha*?

The very words of this Holy Apostolic Orthodox creed is taken from the writings of the *Paulose Shliha* ". . . but there is no other *Alaha* but One. For though there be those who are

called gods, whether in Heaven or Earth, but to us there is but One *Alaha*, The Father, of whom are all things, and we in Him; and One Lord *Isho M'shiha,* by whom are all things, and we by Him. . ." (I Cor 8: 4b, 5, 6).

8. Can we know the very essence of *Alaha*?

No! It is above all human knowledge and that of the Angelic hosts.

9. How does the Holy Scripture address this point of our knowledge concerning the "essence of *Alaha*"?

*Paulose Shliha* records: " . . . in His time, He shall show, Who is the blessed and Only Potentate, The King of kings, The Lord of lords, Who alone hath immortality, dwelling in The Light which no man can approach unto; Whom no man have seen, nor can see: to Whom be honor, and power everlasting: Amen . . ." (I Tim 6:15-16)

10. What can we derive from Divine Revelation as it defines essence and the essential attributes of *Alah*a?

That *Alaha* is spirit, eternal, all-good, omniscient, all-just, almighty, omnipresent, unchangeable, all-sufficing to Himself, all-blessed, etc.

11. What is the *Qnoma* of First person of Holy Trinity?

*Alaha* the Father begets (is not begotten), neither proceeds from any other *Qnoma*.

12. What is the *Qnoma* of Second person of Holy Trinity?

Alaha the Son, He is eternally begotten of Alaha the Father, He does not proceed from any other Qnoma.

13. What is the *Qnoma* of Third person of the Holy Trinity?

*Alaha* the *Ruha d'Qudsha* He eternally proceeds from *Alaha* The Father, and He is not begotten by any other Qnoma.

14. Are the Three *Qnome* equal?

Yes. They are equal in majesty, authority, power, love and will. The Father is truly *Alaha*, the Son is truly Alaha, the Ruha d'Qudsha is truly Alaha; One Alaha eternally revealed in Three *Qnome*.

15. Why we call *Alaha* the Almighty One?

We call *Alaha* the Almighty *Alaha,* because all that He has created is sustained and upheld by Him, His Power and His Will.

16. When we recite these words from the 318 Fathers, "maker of all things visible and invisible," what do we confess?

Our confession states that all which was made is by *Alaha*! And, that nothing exists which was not created nor made by Him, whether visible or invisible.

17. Why do we call *Ruha d'Qudsha* and not Holy Spirit?

*Ruha d'Qudsha* means *Ruha* of Sanctification, Who sanctifies everything. Sanctification is

the work of *Ruha d'Qudsha* and it is not a description.

18. What do we mean by the word (from the Creed) “invisible”?

The word “invisible” means, simply, the spiritual world, or that which is inhabited by the *Malakas,* Resh *Malakas* (Arch-Angels), etc. Or, that world which is not comprehended by the physical mind.

19. What are *Malakas*?

They are incorporeal beings which have no physical being, but that do have intelligence, will, and power.

20. Which was first created? The invisible? Or, the visible?

According to the Sacred Scripture and the Church Fathers, the invisible was first created. And that the *Malakas* were first created before humankind.

**Week 20 (April 28_2024)**

1.വിശ്വാസപ്രമാണത്തിന്റെ പതിനൊന്നാമത്തെ വിശ്വാസ പ്രഖ്യാപനം എന്തിനെക്കുറിച്ചാണ് ?

മരിച്ചവരുടെ ഉത്ഥാനം.

2. വിശ്വാസപ്രമാണത്തിന്റെ പന്ത്രണ്ടാമത്തെ വിശ്വാസ പ്രഖ്യാപനം എന്തിനെക്കുറിച്ചാണ്

നിത്യജീവൻ.

3. എന്തുകൊണ്ടാണ് വിശ്വാസപ്രമാണത്തിൽ ഞാൻ എന്നതിനു പകരം ഞങ്ങൾ എന്ന് പ്രഖ്യാപിക്കുന്നത്?

വിശ്വാസപ്രമാണത്തിൽ ഞാൻ എന്നതിനു പകരം ഞങ്ങൾ എന്ന് പ്രഖ്യാപിക്കുന്നത് കാരണം ഒരു വ്യക്തിയല്ല

സഭ മുഴുവനുമാണ് വിശ്വാസം പ്രഖ്യാപിക്കുന്നത്.

4. എന്തുകൊണ്ടാണ് നാം വിശ്വാസം ഏറ്റുപറയേണ്ടത് ?

നമ്മുടെ രക്ഷയ്ക്കുവേണ്ടി വിശ്വാസപ്രഖ്യാപനത്തിന്റെ സാക്ഷ്യം നൽകേണ്ടത് അത്യാവശ്യമാണ്, ഇങ്ങനെ എഴുതിയിരിക്കുന്നു: ‘‘നീതികരണത്തിനായി മനുഷ്യൻ ഹൃദയംകൊണ്ടു വിശ്വസിക്കുന്നു , രക്ഷയ്ക്കായി അധരം കൊണ്ട് ഏറ്റുപറയുന്നു’’(റോമാ 10:10).

5. വിശ്വസിക്കുന്നത് രക്ഷയ്ക്ക് മാത്രമല്ല, ‘ഏകവും, പരിശുദ്ധവും, ശ്ലൈഹികവുമായ സത്യവിശ്വാസം ഏറ്റുപറയുന്നതും

പ്രധാനമുള്ളതാണ് എന്തുകൊണ്ട്?

നമ്മുടെ ജീവനും തൽക്കാലിക സ്വത്തും സംരക്ഷിക്കപ്പെടുക. ഏകവും പരിശുദ്ധവും, ശ്ലൈഹികവുമായ, സത്യവിശ്വാസത്തിന് സാക്ഷ്യം നൽകുന്നതിൽ പരാജയപ്പെടുക എന്നതിന്റെ അർത്ഥം, രക്ഷകനായ ദൈവത്തിലുള്ള സത്യവിശ്വാസം തിരിച്ചറിയുന്നതിലോ,, നിത്യജീവന്റെ അനുഗ്രഹങ്ങൾ ആസ്വദിക്കാൻ ആഗ്രഹിക്കുന്നതിലോ നാം പരാജയപ്പെട്ടുവെന്നാണ് (‘‘മനുഷ്യരുടെ മുമ്പിൽ ആരെങ്കിലും എന്നെ തള്ളിപ്പറയുന്നുവോ, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും അവനെ നിഷേധിക്കും’’മത്തായി 10:33).

6. എന്തുകൊണ്ടാണ് ഏക ആലാഹയിലുള്ള വിശ്വാസം നാം ഏറ്റുപറയുന്നത്?

വിജാതീയർ സൃഷ്ടിക്കപ്പെട്ട സൃഷ്ടിയെ ദൈവമായും ദൈവങ്ങളായും സ്വീകരിച്ചു, അതിനാൽ ധാരാളം ദൈവങ്ങളുണ്ടെന്ന് അവർ കരുതുന്നു.

7. ഏക ആലാഹയുടെ ഐക്യത്തെക്കുറിച്ച് വിശുദ്ധ ഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നത് എങ്ങനെ?

വിശുദ്ധവും ശ്ലൈഹികവുമായ സത്യവിശ്വാസപ്രമാണത്തിലെ വാക്കുകൾ പൗലോസ് ശ്ലീഹായുടെ എഴുത്തുകളിൽ നിന്ന് എടുത്തതാണ്: ‘‘എന്നാൽ ഒരു ആലാഹയല്ലാതെ മറ്റൊരു ആലാഹയുമില്ല. ദൈവങ്ങൾ എന്ന് വിളിക്കപ്പെടുന്നവർ ലോകത്തിൽ വിഗ്രഹമെന്നൊന്നില്ലെന്നും ഏക ആലാഹയല്ലാതെ മറ്റൊരു ആലാഹയുമില്ലെന്നും നമുക്കറിയാം. ദൈവങ്ങൾ എന്നു വിളിക്കപ്പെടുന്നവർ ആകാശത്തിലും ഭൂമിയിലും ഉണ്ടെന്നിരിക്കട്ടെ അങ്ങനെ പല ദേവൻമാരും നാഥൻമാരും ഉണ്ടല്ലോ’’ (I കൊരി 8:4b,5, 6).

8. ആലാഹയുടെ സത്ത നമുക്ക് അറിയാൻ കഴിയുമോ?

ഇല്ല! ഇത് മനുഷ്യരുടെയും മാലാഖമാരുടെയും അറിവിന് ഉപരിയാണ്.

9.ആലാഹയുടെ സത്തയെക്കുറിച്ചുള്ള നമ്മുടെ അറിവിനെ  വിശുദ്ധ ഗ്രന്ഥം എങ്ങനെ അഭിസംബോധന ചെയ്യുന്നു?

പൗലോസ് ശ്ലീഹ രേഖപ്പെടുത്തുന്നു: ''വാഴ്ത്തപ്പെട്ടവനും ഏകപരമാധികാരിയും രാജാക്കന്മാരുടെ രാജാവും പ്രഭുക്കളുടെ പ്രഭുവായ ആലാഹ യഥാകാലം ഇതു വെളിപ്പെടുത്തിത്തരും. അവിടുന്നു മാത്രമാണ് മരണമില്ലാത്തവൻ. അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്ന അവിടുത്തെ ഒരുവനും കണ്ടിട്ടില്ല; കാണുക സാധ്യവുമല്ല. സ്തുതിയും അനന്തമായ ആധിപത്യവും അവിടുത്തേക്കുള്ളതാണ് ആമേൻ''(1 തിമോത്തേയോസ് 6 :15,16).

10. ആലാഹയുടെ സത്തയും ഗുണങ്ങളും നിർവചിക്കുന്ന ദൈവിക വെളിപാടിൽ നിന്ന് നമുക്ക് എന്ത് നേടാനാകും?

ആലാഹ റൂഹായും നിത്യനും സർവ്വ നന്മയും സർവ്വജ്ഞനും സർവ്വ നീതിമാനും സർവ്വശക്തനും സർവ്വവ്യാപിയും മാറ്റമില്ലാത്തവനും തനിക്കു തന്നെ പര്യാപ്തനും സർവ്വാനുഗ്രഹുമാണ്.

11. പരിശുദ്ധത്രിത്വത്തിലെ  ആദ്യ വ്യക്തിയുടെ ക്നോമ എന്താണ്?

പിതാവായ ആലാഹ ജനിപ്പിക്കുന്നു (ജനിപ്പിക്കപ്പെട്ടവനല്ല), മറ്റേതെങ്കിലും ക്നോമിൽ നിന്ന് പുറപ്പെടുന്നിമില്ല.

12. പരിശുദ്ധത്രിത്വത്തിലെ  രണ്ടാമത്തെ വ്യക്തിയുടെ ക്നോമ എന്താണ്?

പുത്രനായ ആലാഹ ആലാഹയായ പിതാവിൽ നിന്ന് ശാശ്വതമായി ജനിച്ചു, അവൻ മറ്റൊരു ക്നോമിൽ നിന്നും പുറപ്പെടുന്നില്ല.

13. പരിശുദ്ധത്രിത്വത്തിലെ  മൂന്നാം വ്യക്തിയുടെ ക്നോമ എന്താണ്?

റൂഹാ ദ് കുദ്ശയായ ആലാഹ പിതാവിൽ നിന്ന് നിത്യമായി പുറപ്പെടുന്നു, അവൻ മറ്റേതെങ്കിലും ക്നോമിൽ നിന്ന് ജനിച്ചവനല്ല.

14. മൂന്ന് ക്നോമകൾ തുല്യമാണോ?

അതെ. മഹത്വം, അധികാരം, ശക്തി, സ്നേഹം, ഇച്ഛാ എന്നിവയിൽ അവർ തുല്യരാണ്. പിതാവ് സത്യമായും
അലാഹായാണ് പുത്രൻ സത്യമായും  അലാഹയാണ്, റൂഹാ ദ് കുദ്ശാ സത്യമായും  അലാഹയാണ്; മൂന്ന് ക്നോമിൽ ഒരു അലാഹ നിത്യമായി വെളിപ്പെടുന്നു.

15. എന്തുകൊണ്ടാണ് നാം ആലാഹയെ സർവ്വശക്തൻ എന്ന് വിളിച്ചത്?

ആലാഹയെ നാം സർവ്വശക്തൻ  എന്ന് വിളിക്കുന്നു, കാരണം അവൻ സൃഷ്ടിച്ചതെല്ലാം , അവനും അവന്റെ ശക്തിയും അവന്റെ ഇച്ഛയും നിലനിർത്തുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.

16. , ' ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും സൃഷ്ടാവ് ' 318 പിതാക്കൻമാരിൽ നിന്നുള്ള ഈ വാക്കുകൾ പറയുമ്പോൾ നാം എന്താണ്  പ്രഖ്യാപിക്കുന്നത്?

ആലാഹയാണ്  എല്ലാറ്റിന്റെയും  സൃഷ്ടാവ്; കൂടാതെ  ആലാഹ സൃഷ്ടിച്ചതല്ലാതെ ഒന്നും ദൃശ്യമോ അദൃശ്യമോ ആയി നിലവിലില്ല. ഇതാണ് നമ്മുടെ വിശ്വാസപ്രഖ്യാപനം സമർത്ഥിക്കുന്നത്.

17. എന്തുകൊണ്ടാണ്  നാം പരിശുദ്ധാത്മാവ്  എന്നു പറയാതെ റൂഹാ ദ് കുദ്ശയെ എന്ന് പറയുന്നത്?

റൂഹാ ദ് കുദ്ശ  എന്നാൽ എല്ലാറ്റിനെയും വിശുദ്ധീകരിക്കുന്ന, വിശുദ്ധീകരണത്തിന്റെ റൂഹ എന്നാണ് അർത്ഥമാക്കുന്നത്. വിശുദ്ധീകരണം റൂഹാ ദ് കുദ്ശയുടെ പ്രവർത്തനമാണ്, അത് ഒരു വിശേഷണമല്ല.

18. 'അദൃശ്യം' എന്ന വാക്ക് (വിശ്വാസപ്രമാണത്തിലെ) കൊണ്ട് നമ്മൾ എന്താണ് അർത്ഥമാക്കുന്നത്?

'അദൃശ്യം' എന്ന വാക്കിന്റെ അർത്ഥം, ലളിതമായി പറഞ്ഞാൽ, ആത്മീയ ലോകം, അല്ലെങ്കിൽ ദൂതന്മാരും മുഖ്യദൂതന്മാരും അധിവസിക്കുന്നത്, അല്ലെങ്കിൽ ഭൗതിക മനസ്സിന് ഗ്രഹിക്കാത്ത ലോകം എന്നാണ്.

19. ആരാണ്  മലാഖാമാർ?

അവർ ശാരീരിക അസ്തിത്വമില്ലാത്ത, എന്നാൽ ബുദ്ധിയും, ഇച്ഛാശക്തിയും ശക്തിയും ഉള്ള അശരീരികളാണ്.

20. ആദ്യം സൃഷ്ടിച്ചത്  എന്താണ് ദൃശ്യമോ അദൃശ്യമായതോ,?

വിശുദ്ധ ഗ്രന്ഥവും സഭാപിതാക്കന്മാരും പഠിപ്പിക്കുന്നതനുസരിച്ച്, അദൃശ്യമായത് ആദ്യം സൃഷ്ടിക്കപ്പെട്ടു
മാലാഖമാർ   മനുഷ്യവംശത്തിന് മുമ്പ് സൃഷ്ടിക്കപ്പെട്ടു.